# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് പന്ത്രണ്ട്

## അനേകം പുത്രന്മാർ, അനേകം സഹോദരങ്ങൾ, സഭ

എബ്രായലേഖനത്തിൽ പുതിയനിയമത്തിലെ എല്ലാ അടിസ്ഥാന ഘടകങ്ങളും ആഴമേറിയതാണെങ്കിലും വളരെ ലളിതമായ രീതിയിൽ സൂചിപ്പിച്ചിരിക്കുന്നു. എബ്രായലേഖനത്തിൽ സഭയെ പരാമർശിച്ചിട്ടുണ്ടെന്ന് പ്രത്യക്ഷത്തിൽ മനസ്സിലാക്കുവാൻ ഒരുവന് പ്രയാസമാണ്. നിങ്ങൾ എബ്രായലേഖനം നിരവധി തവണ വായിച്ചിട്ടുണ്ടാകാമെങ്കിലും, ഈ പുസ്തകത്തിലെ സഭയെക്കുറിച്ചുള്ള പരാമർശം നിങ്ങൾക്കൊരിക്കലും മതിപ്പുളവാക്കിയിട്ടുണ്ടാവില്ല. പ്രവൃത്തികളിലെയും മറ്റു ലേഖനങ്ങളിലെയും സഭകളെക്കുറിച്ചുള്ള പരാമർശം നമുക്കെല്ലാവർക്കും പരിചിതമാണെങ്കിലും, എബ്രായലേഖനത്തിൽ സഭ കാണപ്പെടുന്നു എന്ന ധാരണ നമുക്കുണ്ടായിരിക്കുകയില്ല. മുപ്പത്തെട്ടു വർഷങ്ങൾക്കുമുമ്പ് രണ്ടു വ്യത്യസ്ത ഗ്രൂപ്പുകളുമായി ഞാൻ ഈ പുസ്തകത്തിന്റെ ഒരു വിശദമായ പഠനം നടത്തിയിരുന്നു. അക്കാലത്ത്, ഈ പുസ്തകം എനിക്ക് നന്നായി അറിയാമെന്ന് ഞാൻ ചിന്തിച്ചിരുന്നുവെങ്കിലും, ഈ പുസ്തകത്തിൽ ഞാൻ സഭയെ കണ്ടില്ല.

ഈ പുസ്തകത്തിൽ 2:12-ലും, 12:23-ലും രണ്ടുതവണ മാത്രമേ സഭയെ പരാമർശിച്ചിട്ടുള്ളൂ. 2:12-ൽ ഇങ്ങനെ പറയുന്നു: "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കും; സഭാമധ്യേ ഞാൻ നിനക്ക് സ്തുതിഗീതങ്ങൾ പാടും." മുമ്പ് ഈ വാക്യത്തിലെ സഭയെ നമ്മിൽ പലരും ശ്രദ്ധിച്ചിരുന്നുവെന്ന് ഞാൻ ചിന്തിക്കുന്നില്ല. ഈ വാക്യം സാരാംശത്തിൽ സഭയുടെ വിഷയവുമായി രചിക്കപ്പെട്ടിരിക്കുന്നു. ഈ വാക്യത്തിൽ സഹോദരന്മാരെയും സഭയെയും വളരെ ആഴത്തിൽ പരാമർശിച്ചിരിക്കുന്നു. തന്റെ സഹോദരന്മാരോട് പിതാവിന്റെ നാമത്തെ പ്രഖ്യാപിക്കുമെന്നും സഭയിൽ പിതാവിന് സ്തുതിഗീതങ്ങൾ പാടുമെന്നും പുത്രൻ പിതാവിനോടു പറയുന്നു. ഇതിന്റെ അർഥം നിങ്ങൾക്കറിയാമോ? ഈ വാക്യത്തിൽ നാം മൂന്നു ഘടകങ്ങൾ

ശ്രദ്ധിക്കണം: സഹോദരന്മാരും സഭയും കർത്താവ് ഇന്ന് സഭയിൽ എന്തു ചെയ്യുന്നു എന്നതും. സഭ എന്താണെന്നതിന്റെയും സഭയിൽ കർത്താവ് എന്തു ചെയ്യുന്നുവെന്നതിന്റെയും വളരെ വലിയ ഒരു വെളിപാടാണ് ഈ വാക്യം. ഇവിടെ കാണുന്നതുപോലെ ഇത്ര സമഗ്രമായും അടിസ്ഥാനപരമായും നിർണായകമായും സഭയുടെ സ്വഭാവത്തെ സംബന്ധിച്ചു വെളിപ്പെടുത്തിയിട്ടുള്ള ചിലത് മറ്റൊരു പുസ്തകത്തിലും നമുക്കു കണ്ടെത്തുവാൻ കഴിയില്ല. 2:12 ഒരു ചെറിയ വാക്യമായി കണക്കാക്കരുത്. അതൊരു വലിയ വാക്യമാണ്. അതിൽ ആശ്ചര്യകരമായ ഒരു വെളിപാട് അടങ്ങിയിരിക്കുന്നു. ഈ ദൂതിൽ, നമുക്കെല്ലാവർക്കും ഒരു വെളിപാട് ഉണ്ടായിരിക്കുക മാത്രമല്ല, സഭ എന്താണെന്നും കർത്താവ് ഇന്നു സഭയിൽ എന്താണു ചെയ്യുന്നതെന്നുമുള്ള ഒരു ദർശനം നാമെല്ലാവരും കാണുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

എന്താണ് സഭ? ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സഹോദരന്മാരുടെ ഒരു സംഘാത സംരചനയാണ് സഭ. ദൈവത്തിന്റെ ഏകജാതനായ പുത്രനും ദൈവത്തിന്റെ ആദ്യജാതനായ പുത്രനും തമ്മിലുള്ള വ്യത്യാസം നിങ്ങൾ ഇപ്പോഴും ഓർക്കുന്നുണ്ടോ? ദൈവത്തിന്റെ ഏകജാതനായ പുത്രന് ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ, മനുഷ്യത്വം ഇല്ലായിരുന്നു. അവന് ദിവ്യപ്രകൃതം ഉണ്ടായിരുന്നുവെങ്കിലും മനുഷ്യപ്രകൃതം അവനുണ്ടായിരുന്നില്ല. എന്നാൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രന് ദിവ്യപ്രകൃതവും മനുഷ്യപ്രകൃതവും ഉണ്ട്. സഹോദരന്മാർ ഏകജാതന്റെ സഹോദരന്മാരല്ല, മറിച്ച് ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സഹോദരന്മാരാണ്. നാം ആദ്യജാതനെപ്പോലെ തന്നെയാണ്. അവൻ ദിവ്യനും മാനുഷികനുമാണ്, നാം മാനുഷികരും ദിവ്യരും ആണ്. ആദ്യജാതനായ പുത്രന് മനുഷ്യത്വവും ദിവ്യത്വവും ഉണ്ട്, അവന്റെ എല്ലാ സഹോദരന്മാരും അവനായിരിക്കുന്നതുപോലെ തന്നെയാണ്. നാം സഹോദരന്മാരോ സഹോദരിമാരോ ആയാലും നാമെല്ലാവരും അവന്റെ സഹോദരന്മാരാണ്, കാരണം ക്രിസ്തുവിന് സഹോദരിമാരില്ല. എന്നോട് പറയൂ, നിങ്ങൾ മാനുഷികനാണോ അതോ ദിവ്യനാണോ? ആദ്യജാതനായ പുത്രൻ ദിവ്യനാണോ അതോ മാനുഷികനാണോ? അവൻ ദിവ്യനും മാനുഷികനും, നാം മാനുഷികരും ദിവ്യരും ആണ്. അവൻ ഒന്നാമത് ദിവ്യനും പിന്നെ മാനുഷികനും, അവന്റെ സഹോദരന്മാർ ഒന്നാമത് മാനുഷികരും പിന്നെ ദിവ്യരുമാണ്. ഒടുവിൽ, അവനും നാമും, നാമും അവനും ഒരുപോലെയാണ്. നാം അത്ഭുതകരമായ ആളുകളാണ്. നാം മാനുഷികർ മാത്രമല്ല — നാം ദിവ്യരുമാണ്. നിങ്ങൾ ആരുടെ പുത്രനാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? നിങ്ങൾ ദൈവത്തിന്റെ പുത്രനാണ്. ദൈവം നമ്മുടെ ദിവ്യപിതാവും,

നാമെല്ലാവരും അവന്റെ ദിവ്യസ്വഭാവത്തോടുകൂടെ അവന്റെ ദിവ്യജീവനാൽ ജനിച്ചവരായതുകൊണ്ട് അവന്റെ ദിവ്യപുത്രന്മാരും ആണ്. നാം പിതാവിന്റെ അനേകം പുത്രന്മാരും പിതാവിന്റെ ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാരുമാണ്. ഇതൊരു സ്വപ്നമല്ല. ഇതാണ് യാഥാർഥ്യം.

സഭ മാനുഷികവും ദിവ്യവുമാണ്. ഇതാണ് സഭയുടെ പ്രകൃതം. സഭ ദൈവത്തിന്റെ അനേകം പുത്രന്മാരുടെ ഒരു സംരചനയാണ്. ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാരുടെ ഒരു സംഘമാണ് സഭ. ഇതാണ് സഭ. വർഷങ്ങൾക്കുമുമ്പ് ഞാൻ ഇത്ര വ്യക്തമായി സഭയെ കണ്ടിരുന്നില്ല. സഭ ക്രിസ്തുവിലുള്ള യഥാർഥ വിശ്വാസികളുടെ ഒരു കൂട്ടമാണെന്ന് നാല്പതു വർഷങ്ങൾക്കുമുമ്പ് ഞാൻ കണ്ടിരുന്നു. സഭയുടെ ഈ നിർവചനം തെറ്റല്ല. സഭ ഇഷ്ടികയും കല്ലുംകൊണ്ടുള്ള ഒരു കെട്ടിടമല്ലെന്ന് ഏകദേശം നൂറ്റിയമ്പതു വർഷം മുമ്പ് ചില സഹോദരന്മാർക്ക് വെളിപ്പെടുത്തിക്കിട്ടി. സഭ ഒരു ഭൗതിക കെട്ടിടമല്ലെന്ന് അവർ ക്രൈസ്തവലോകത്തോടെല്ലാം ശക്തമായി പ്രഖ്യാപിച്ചു. അതൊരു പള്ളിയോ, ചാപ്പലോ, ദേവാലയമോ അല്ല. ദൈവത്തിന്റെ വിളിക്കപ്പെട്ടവരുടെ ഒരു ഒത്തുചേരലാണ് സഭയെന്ന് അവർ പ്രഖ്യാപിച്ചു. ക്രിസ്തുവിലുള്ള സത്യവിശ്വാസികൾ ഒത്തുചേരുമ്പോൾ അവരാണ് സഭ. ഈ വെളിപാടിൽനിന്നും ഞങ്ങൾക്ക് വളരെയധികം സഹായം ലഭിച്ചിട്ടുണ്ട്, അമ്പതു വർഷം മുമ്പ് ദൈവത്തിന്റെ വിശുദ്ധന്മാരുടെ ഒരു ഒത്തുചേരലാണ് സഭയെന്ന് ഞങ്ങളും പറയാൻ തുടങ്ങി. കഴിഞ്ഞ നൂറ്റാണ്ടിൽ ആ സഹോദരന്മാരിൽനിന്നും ഞങ്ങൾക്കു ലഭിച്ച സഹായത്തിന് ഞങ്ങൾ നന്ദിയുള്ളവരായിരുന്നു. പിൽക്കാലത്ത്, സഭ യഥാർഥ വിശ്വാസികളുടെ ഒത്തുചേരൽ മാത്രമല്ല; അതൊരു ശരീരമാണ്, ക്രിസ്തുവിന്റെ ശരീരമാണെന്ന് ഞങ്ങൾ കണുവാൻ തുടങ്ങി. നിങ്ങൾ നിരവധി കസേരകൾ ഒരുമിച്ച് കൂട്ടുകയാണെങ്കിൽ, കസേരകൾക്ക് ഒരു ശരീരമായിത്തീരുവാൻ കഴിയില്ല. നിങ്ങൾ ആടുകളെ ഒരുമിച്ചു കൂട്ടുന്നുവെങ്കിൽ, അവയ്ക്കും ഒരു ശരീരമായിരിക്കുവാൻ കഴിയില്ല. എല്ലാവർക്കും അറിയാവുന്നതുപോലെ, ഒരു ശരീരം ജീവനുള്ള ഒരു ജൈവരൂപമാണ്. ഇതിന് ജീവനാരുകളും ജീവകോശങ്ങളും ജീവപ്രകൃതവും ജീവരൂപവും ജീവപ്രാപ്തിയും ജീവപ്രവർത്തനവും ഉണ്ട്. ഒരു ഒത്തുചേരലിനേക്കാൾ ആഴമേറിയതും ഉയർന്നതും അഗാധവുമാണ് സഭ.

സഭയുടെ യഥാർഥ സവിശേഷത കർത്താവു നമുക്കു കാണിച്ചുതന്നിട്ടുണ്ട്. സഭയ്ക്ക് മനുഷ്യപ്രകൃതവും ദിവ്യപ്രകൃതവും എന്ന രണ്ടു പ്രകൃതങ്ങൾ ഉണ്ടെന്നു കാണുവാൻ അവൻ നമ്മെ സഹായിച്ചതിനായി അവനെ സ്തുതിക്കുന്നു. സഭയ്ക്ക് രണ്ടു ജീവനുണ്ട്. ഈ ജീവനുകൾ കൂടിച്ചേർന്നിരിക്കുന്നുവെന്നു

മാത്രമല്ല, ഒരുമിച്ച് ഇഴുകിച്ചേർന്നിരിക്കുകയും ചെയ്യുന്നു. രണ്ടു പ്രകൃതങ്ങളും രണ്ടു ജീവനുകളും കൂടിച്ചേർന്നിരിക്കുന്നതും ഒരുമിച്ച് ഇഴുകിച്ചേർന്നിരിക്കുന്നതുമായ ഒരു ജൈവരൂപമാണ് സഭ. ഇത് ആശ്ചര്യകരമാണ്! സഭയ്ക്ക് രണ്ടു ജീവനുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവോ? സഭയ്ക്ക് രണ്ടു പ്രകൃതമുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവോ? ദൈവത്തിന്റെ ആദ്യജാതനായ പുത്രന് രണ്ടു ജീവനും രണ്ടു പ്രകൃതവും ഉണ്ടെന്ന്, അവൻ ദൈവപുത്രൻ മാത്രമല്ല, മനുഷ്യപുത്രനും ആണെന്ന്, നിങ്ങൾ മനസ്സിലാക്കുന്നുവോ? ആദ്യജാതന് സകല ദിവ്യ സദ്ഗുണങ്ങളും സകല മാനുഷിക നന്മകളും ഉണ്ട്. നമുക്കുള്ളത് അല്പം വിനയമോ സമർപ്പണമോ മാത്രമല്ല. ഈ സമ്പന്നമായ ശേഖരം ഇതിനെക്കാൾ വളരെ അഗാധമാണ്. ഇത് അപരിമേയവും അളക്കാനാവാത്തതും, ദിവ്യസദ്ഗുണങ്ങളും മാനുഷിക നന്മകളുംകൊണ്ടു നിറഞ്ഞതും ആണ്. ഇങ്ങനെയുള്ള ഒരു ജൈവരൂപമാണ് സഭ. അത് ക്രിസ്തുവിന്റെ ശരീരമാണ്.

ഒരു നിശ്ചിത സ്ഥലത്തുള്ള ഒരു സഭയെക്കുറിച്ച് പലപ്പോഴും മോശം വാർത്തകൾ എനിക്കു വരാറുണ്ട്. ചിലർ പറയുന്നു, "അവിടെയുള്ള സഭ നല്ലതല്ല. അതിന് പ്രശ്നങ്ങളുണ്ട്." ഇതുപോലുള്ള കാര്യങ്ങൾ കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല, കാരണം സഭയെക്കുറിച്ചുള്ള എന്റെ ധാരണ എന്റെ വിശ്വാസത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. എല്ലാ സഭകളും മനോഹരമാണെന്നു ഞാൻ വിശ്വസിക്കുന്നു. നല്ലതല്ലാത്ത ഒരു സഭയുമില്ല. ഒരു സഭ നല്ലതല്ലെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടെങ്കിലും, ഒരു നിശ്ചിത സമയത്തിനുശേഷം ആ സഭ വളരെ വ്യത്യസ്തമായിത്തീരുന്നു. എന്തുകൊണ്ട്? കാരണം സഭ ജൈവികമാണ്. അതു വളരുന്നു. നിങ്ങളുടെ ശരീരം വളരെ ക്ഷീണിച്ചതായിരിക്കാം, എന്നാൽ കുറച്ചു സമയത്തിനുശേഷം അത് ഊർജ്ജസ്വലമാകുന്നു. ഇതൊരു ജൈവരൂപമായതുകൊണ്ട്, അതിന് ജീവനാൽ മാറ്റം വരുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭകൾ ജൈവികമാണ്. ഒരു സ്ഥലത്തെ സഭ നല്ലതല്ലെന്ന് ഒരിക്കലും വിശ്വസിക്കരുത്. സഭ വളരുന്ന ഒരു ജൈവരൂപമായതുകൊണ്ട് അതു മനോഹരമാണ്. സഭ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ എല്ലാ സഹോദരന്മാരുടെയും ഒരു ജീവിക്കുന്ന സംഘമാണെന്ന് ഒരിക്കലും മറക്കരുത്. സഭ ഭൗതികമോ സംഘടനാപരമോ അല്ല; അതു മൊത്തമായും ജീവനാലുള്ളതാണ് — ദിവ്യജീവനാലും ഉയർത്തപ്പെട്ട, ഉയിർപ്പിക്കപ്പെട്ട മനുഷ്യജീവനാലുള്ളതും തന്നെ. ജീവനേക്കാൾ സമ്പന്നമായ മറ്റൊന്നുമില്ല. പ്രപഞ്ചത്തിലെ ഏറ്റവും മികച്ച ജീവൻ ദിവ്യജീവനാണ്, രണ്ടാമത്തെ മികച്ച ജീവൻ മനുഷ്യജീവനാണ്. സഭയ്ക്കുവേണ്ടി ഇന്ന് നമുക്കുള്ള മനുഷ്യജീവൻ സ്വാഭാവികമായ മനുഷ്യജീവനല്ല, പ്രത്യുത

പുനരുത്ഥാനം ചെയ്ത മനുഷ്യജീവനാണ്. നമുക്ക് ഇങ്ങനെയുള്ള ഒരു ജീവൻ ഉണ്ട്! ഈ മനുഷ്യജീവനും ദിവ്യജീവനും ചേരുന്നതാണ് സഭയുടെ ജീവൻ. ഇങ്ങനെയുള്ള അഗാധമായ ഒരു രീതിയിലാണ് സഭയെ ഈ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത്. എല്ലാ ദൈവപുത്രന്മാരുടെയും ജീവനുള്ള ഒരു സംരചന, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ എല്ലാ സഹോദരന്മാരുടെയും ജീവനുള്ള ഒരു സംഘം, ആണ് സഭ.

Wed

## I. അനേകം പുത്രന്മാർ

### A. പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നു

സഭയായി ചേർക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ അനേകം പുത്രന്മാർ പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടവരാകുന്നു (എഫെ. 1:5). നാം യാദൃച്ഛികമായി ദൈവത്തിന്റെ പുത്രന്മാരായി ത്തീർന്നതല്ല: ലോകസ്ഥാപനത്തിനു മുമ്പുതന്നെ നാം ദൈവപു ത്രന്മാരായിരിക്കുവാൻ മുൻനിയമിക്കപ്പെട്ടിരുന്നു. നാം അവന്റെ പുത്രന്മാരാകണമെന്ന് ദൈവം നിത്യതയിൽ തീരുമാനിച്ചു. ഒന്നാമതായി, ദൈവം നമ്മെ മുന്നറിഞ്ഞിരുന്നു (റോമ. 8:29). ഇതിനുശേഷം, അവൻ നമ്മെ തിരഞ്ഞെടുത്തു. നിങ്ങളെക്കുറിച്ച് നിങ്ങൾക്കുതന്നെ എന്തു തോന്നിയാലും, ലോകസ്ഥാപനത്തിനു മുമ്പെ ദൈവം നിങ്ങളെ തിരഞ്ഞെടുത്തു. നമ്മെ മുന്നറിയുകയും തിരഞ്ഞെടുക്കുകയും ചെയ്തതിനുശേഷം ദൈവം നമ്മെ മുൻനിയമിച്ചു. *മുൻനിയമിച്ചു* എന്ന പദത്തിൽ അടയാളപ്പെടുത്തി എന്ന ചിന്ത ഉൾപ്പെടുന്നു. കഴിഞ്ഞകാല നിത്യതയിൽ, സൃഷ്ടിപ്പിനുമുമ്പ്, ദൈവം നമ്മുടെമേൽ ഒരു അടയാളം വച്ചു. അവൻ നമ്മെ മുൻകൂട്ടി അടയാളപ്പെടുത്തി. എന്തിനുവേണ്ടിയായി രുന്നു ദൈവം നമ്മെ മുൻനിയമിച്ചത്? പുത്രത്വത്തിനുവേണ്ടി. നാം പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നു.

ഇന്ന് അനേകം ക്രിസ്ത്യാനികളുടെ ഇടയിലും ഈ ധാരണ കണ്ടെത്തുക പ്രയാസമാണ്. ക്രിസ്ത്യാനികൾക്കിടയിൽ പൊതുവായി കാണപ്പെടുന്ന ധാരണ, നാം രക്ഷയ്ക്കായി മുൻനി യമിക്കപ്പെട്ടിരിക്കുന്നു എന്നാണ്. പുത്രത്വത്തെക്കുറിച്ചുള്ള യാതൊരു പരിഗണനയും അവിടെയില്ല. പുത്രത്വത്തെക്കുറി ച്ചുള്ള ധാരണ നമുക്കില്ലാതിരിക്കുന്നത് പരമ്പരാഗത ക്രിസ്തീയ പഠിപ്പിക്കലുകളാൽ നാം സ്വാധീനിക്കപ്പെട്ടിരിക്കുന്നതുകൊണ്ടാണ്. ഒരിക്കൽക്കൂടി പറയട്ടെ, നാം നിർമലമായ വചനത്തിലേക്ക് പ്രത്യു ദ്ധരിക്കപ്പെടണം. നിർമലമായ വചനം നമ്മോടു പറയുന്നത് നാം പുത്രത്വത്തിനായി മുൻനിയമിക്കപ്പെട്ടിരിക്കുന്നു എന്നാണ്. നിങ്ങൾ ദൈവത്തിന്റെ ഒരു പുത്രനായിരിക്കുന്നിടത്തോളം നിങ്ങൾ യാതൊന്നിനെക്കുറിച്ചും വിഷമിക്കേണ്ടതില്ല.

നാം യാദൃച്ഛികമായി ദൈവത്തിന്റെ പുത്രന്മാരായിത്തീർന്നതല്ല. ഒരു വാഹനാപകടത്തിന്റെ ഫലമായി നിങ്ങൾ അനുതപിക്കുകയും കർത്താവായ യേശുവിൽ വിശ്വസിക്കുകയും ചെയ്തുവെന്ന് സങ്കല്പിക്കുക. നിങ്ങളുടെ തോന്നലനുസരിച്ച് അതെല്ലാം യാദൃച്ഛികമായിരുന്നു, എന്നാൽ ദൈവത്തെ സംബന്ധിച്ചിടത്തോളം അത് നിങ്ങളെ നേരത്തേതന്നെ അടയാളപ്പെടുത്തിയിരുന്നതുകൊണ്ടാണ്. എന്തുകൊണ്ടാണ് നിങ്ങൾക്ക് ആ അപകടം സംഭവിച്ചത്? നിങ്ങൾ ഒരല്പം ശാഠ്യമുള്ളവനായിരുന്നതുകൊണ്ടാണ്. നിങ്ങളെ പുത്രത്വത്തിലേക്കു കൊണ്ടുവരുന്നതിനായി ദൈവം തന്റെ പരമാധികാരത്തിൽ ആ അപകടം അനുവദിച്ചു. എന്നാൽ പുത്രത്വം ഒരു അപകടമല്ല. അതു സമയത്തിനുമുമ്പേ ആസൂത്രണം ചെയ്യപ്പെട്ടതായിരുന്നു. ഈ സന്ദേശം വായിക്കുന്ന ആരെങ്കിലും ഒരു വാഹനാപകടത്തിന്റെ ഫലമായി രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അത് നിങ്ങൾ അവനിലേക്കു തിരിയുമാറാക്കുന്നതിന് ദൈവം അതിനെ ഉപയോഗിച്ചതുകൊണ്ടായിരിക്കണം. നമ്മെ പുത്രത്വത്തിലേക്കു കൊണ്ടുവരേണ്ടതിന് ചുറ്റുപാടുകൾ എങ്ങനെ ക്രമീകരിക്കണമെന്നറിയുന്ന ദൂതന്മാരാൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരായ നാം ചുറ്റപ്പെട്ടിരിക്കുന്നു. നമ്മിൽ അനേകരും വിശ്വസിക്കുവാൻ നിർബന്ധിക്കപ്പെട്ടു. ഒരിക്കൽ നാം ഒരു പ്രത്യേക സാഹചര്യത്തിൽ എത്തുകയും, രക്ഷപ്പെടുവാൻ മാർഗമില്ലാതിരിക്കുകയും ചെയ്തു. ഒടുവിൽ നമുക്ക് "കർത്താവായ യേശുവേ" എന്ന് മുട്ടുകുത്തി വിളിക്കേണ്ടി വന്നു. നാം ഇതു ചെയ്തപ്പോൾ, നാം പുത്രത്വം നേടിയതുകൊണ്ട് എല്ലാ ദൂതന്മാരും സന്തോഷിച്ചു. ശുശ്രൂഷിക്കുന്ന സേവകന്മാരായിരിക്കുവാനാണ് ദൂതന്മാരുടെ ദൈവകൽപിതം. പുത്രത്വമാണ് നമ്മുടെ ദൈവകൽപിതം.

## B. ദൈവത്തിൽനിന്നു ജനിച്ചു

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരെന്ന നിലയിൽ, നാം ദൈവത്തിന്റെ അനേകം പുത്രന്മാരായിരിക്കുവാൻ അവനിൽനിന്നു ജനിച്ചിരിക്കുന്നു. കർത്താവായ യേശുവിൽ വിശ്വസിച്ചതിലൂടെ നാം അവനെ സ്വീകരിച്ച സമയത്ത്, നാം ദൈവത്തിൽനിന്നു ജനിക്കുകയും, ദൈവമക്കളായിരിക്കുവാനുള്ള അവകാശം പ്രാപിക്കുകയും ചെയ്തു (യോഹ. 1:12-13). ആ സമയംമുതൽ, നാം ദൈവത്തിന്റെ മക്കളാണെന്ന് ദൈവത്തിന്റെ ആത്മാവ് നമ്മുടെ ആത്മാവോടുകൂടെ എപ്പോഴും സാക്ഷ്യം പറയുന്നു (റോമ. 8:16). നാം ബലഹീനരോ പിന്മാറ്റക്കാരോ ആയിരിക്കുന്ന സമയങ്ങളിൽപ്പോലും, നാം ദൈവത്തിന്റെ മക്കളാണെന്ന ആഴമായ ബോധം അപ്പോഴും നമുക്കുണ്ട്, കാരണം ഒരിക്കൽ നാം ദൈവത്തിൽനിന്നു ജനിച്ചുകഴിഞ്ഞാൽ നാം എന്നേക്കും അവന്റെ മക്കളായിരിക്കും. നമ്മുടെ വീണ്ടുംജനനത്തിലൂടെ നിത്യമായ പുത്രത്വം നാം സ്വീകരിച്ചിരിക്കുന്നു.

## C. ആത്മാവിൽനിന്നുള്ള ജനനം

നാം ദൈവത്തിൽനിന്നു ജനിച്ചപ്പോൾ നാം ദൈവാത്മാവിൽനിന്ന് നമ്മുടെ ആത്മാവിൽ ജനിച്ചു (യോഹ. 3:6). നമ്മുടെ ജഡത്തിൽ നാം ജനിച്ചത് നമ്മുടെ മാതാപിതാക്കളിൽ നിന്നായിരുന്നു. എന്നാൽ നമ്മുടെ ആത്മാവിലാണ് അവന്റെ മക്കളായിരിക്കുവാൻ നാം ദൈവാത്മാവിൽനിന്നു ജനിച്ചത്. നാം ദൈവത്തിന്റെ ആദ്യജാതനെപ്പോലെയുള്ള ദൈവത്തിന്റെ അനേകം പുത്രന്മാരായിരിക്കേണ്ടതിന് ദൈവം തന്റെ പുത്രന്റെ ആത്മാവിനെ നമ്മിലേക്ക് അയച്ചു (ഗലാ. 4:6). ദൈവത്തിന്റെ അനേകം പുത്രന്മാരായിരിക്കുക എന്നത് നമ്മുടെ ആത്മാവിലും ദൈവപുത്രന്റെ ആത്മാവിനോടുകൂടെയുമുള്ള ഒരു കാര്യമാണ്.

## D. പുത്രത്വത്തിന്റെ ആത്മാവിനെ സ്വീകരിച്ചു

നാം ആത്മാവിനാൽ നമ്മുടെ ആത്മാവിൽ ജനിച്ചവരായതിനാൽ, നമുക്ക് പുത്രത്വത്തിന്റെ ആത്മാവുണ്ട് (റോമ. 8:15). ദിവ്യാത്മാവിനെയാണോ അതോ മനുഷ്യാത്മാവിനെയാണോ ഈ ആത്മാവ് പരാമർശിക്കുന്നത് എന്നു നിർണയിക്കുവാൻ പ്രയാസമാണ്. അതിൽ രണ്ടും ഉൾപ്പെടുന്നു, കാരണം നാം സ്വീകരിച്ച ആത്മാവ് ഇഴുകിച്ചേർന്ന ആത്മാവ്, ദിവ്യവും മാനുഷികവുമായ ഒരു ആത്മാവാണ്. ദൈവത്തിന്റെ പുത്രന്മാരായ നാം "അബ്ബാ, പിതാവേ" എന്നു വിളിക്കുന്നുവെന്ന് റോമർ 8:15 പറയുന്നുവെങ്കിലും, ആത്മാവാണ് "അബ്ബാ, പിതാവേ" എന്നു വിളിക്കുന്നതെന്ന് അനുബന്ധ വാക്യമായ ഗലാത്യർ 4:6 പറയുന്നു. ഇതർഥമാക്കുന്നത് നാം അബ്ബാ, പിതാവേ എന്നു വിളിക്കുമ്പോൾ ആത്മാവും വിളിക്കുന്നുവെന്നും, ആത്മാവു വിളിക്കുമ്പോൾ അത് നാം ആകുന്നു വിളിക്കുന്നതെന്നുമാണ്. നാമും ആത്മാവും ഒന്നാണ്.

## E. നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പൂർണ പുത്രത്വത്തിനുവേണ്ടി കാത്തിരിക്കുന്നു

ഇതുവരെയും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പൂർണ പുത്രത്വം നമുക്കില്ല (റോമ. 8:23). നമ്മുടെ ഭൗതിക ശരീരത്തിന്റെ വീണ്ടെടുപ്പോ കായാന്തരമോ ആയ പൂർണ പുത്രത്വത്തിനു വേണ്ടി നാം കാത്തിരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ ആത്മാവിൽ നാം ദൈവത്തിൽനിന്നു ജനിച്ചുവെങ്കിലും, നമ്മുടെ ശരീരത്തിൽ നാം അവനിൽനിന്ന് ഇതുവരെ ജനിച്ചില്ല. നമ്മുടെ ശരീരം കായാന്തരപ്പെടുന്ന ദിവസം വരുന്നു. അപ്പോൾ നമുക്ക് പൂർണ പുത്രത്വം ഉണ്ടായിരിക്കും. ഇതിനുവേണ്ടി നാം കാത്തിരിക്കുന്നു.

## II. അനേകം സഹോദരന്മാർ

### A. പുനരുത്ഥാനത്തിൽ ഉളവാക്കപ്പെട്ടു

ദൈവത്തിന്റെ അനേകം പുത്രന്മാരെന്ന നിലയിൽ, നാം ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തുവിന്റെ അനേകം സഹോദരന്മാരാണ്. അവന്റെ പുനരുത്ഥാനത്തിലൂടെ അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ ജനിക്കുകയും (പ്രവൃ. 13:33), അവന്റെ പുനരുത്ഥാനത്തിൽ നാം അവന്റെ അനേകം സഹോദരന്മാരായിരിക്കുവാൻ ഉളവാക്കപ്പെടുകയും ചെയ്തു (1 പത്രൊ 1:3). അവന്റെ പുനരുത്ഥാനത്തിനു ശേഷമാണ് അവൻ തന്റെ ശിഷ്യന്മാരെ സഹോദരന്മാർ എന്നു വിളിച്ചത് (യോഹ. 20:17). നമ്മുടെ പുതിയ ജനനം ഒരു ശാരീരിക ജനനമല്ല, പുനരുത്ഥാനത്തിലുള്ള ഒരു ജനനമാണ്.

### B. ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ മൂത്ത സഹോദരനായി ഉണ്ട്

ദൈവത്തിന്റെ അനേകം പുത്രന്മാരായ നമുക്ക് നമ്മുടെ മൂത്ത സഹോദരനായി ആദ്യജാതനായ പുത്രനുണ്ട് (എബ്രാ. 2:11; റോമ. 8:29). നമ്മുടെ മൂത്ത സഹോദരനെന്ന നിലയിൽ, അവൻ നമ്മുടെ മാതൃകയും നമ്മുടെ ദൃഷ്ടാന്തവുമാണ്. അവൻ നമ്മുടെ മൂത്ത സഹോദരനായതുകൊണ്ട്, സകലത്തിലും നേതൃത്വമെടുക്കുന്നു, നാം അവന്റെ കാൽച്ചുവടുകളെ പിന്തുടരണം.

### C. ദൈവത്തിന്റെ ആദ്യജാതനായ പുത്രനെപ്പോലെ അതേ ജീവനും സ്വഭാവവും ഉള്ളവർ

ദൈവത്തിന്റെ അനേകം പുത്രന്മാരായ നമുക്ക് ദൈവത്തിന്റെ ആദ്യജാതനായ പുത്രനെപ്പോലെ അതേ ജീവനും സ്വഭാവവും ഉണ്ട് (2:11). നാം അവനെപ്പോലെ അതേ ജീവനും സ്വഭാവവും പങ്കിടുന്നതിനാൽ, നാം അവന്റെ അനേകം സഹോദരന്മാരാണ്. നമുക്ക് ദൈവത്തിന്റെ ജീവനും സ്വഭാവവും ഉള്ളതിനാൽ നാം ദൈവത്തിന്റെ അനേകം പുത്രന്മാരാണ്. നാം ആദ്യജാതനുള്ളതുപോലെ അതേ ജീവനും സ്വഭാവവും പങ്കിടുന്നതിനാൽ, നാം അവന്റെ സഹോദരന്മാരാണ്. ദൈവത്തിന്, നാം അവന്റെ അനേകം പുത്രന്മാരാണ്; ദൈവത്തിന്റെ ആദ്യജാതനായ പുത്രന്, നാം അവന്റെ അനേകം സഹോദരന്മാരാണ്.

## III. സഭ

### A. പുനരുത്ഥാനത്തിലുള്ള അനേകം സഹോദരന്മാർ ചേർന്നത്

നാം കണ്ടതുപോലെ, പുനരുത്ഥാനത്തിൽ ദൈവത്തിന്റെ

ആദ്യജാതനായ പുത്രന്റെ അനേകം സഹോദരന്മാർ ചേരുന്നതാണ് സഭ (2:12). ഇതുനിമിത്തം, ക്രിസ്തുവുമായുള്ള ഒരു സംഘാത പങ്കാളിത്തമാണ് സഭ. നാം 3:14-ലേക്കു വരുമ്പോൾ, ഈ പങ്കാളിത്തത്തെക്കുറിച്ച് നമുക്ക് വളരെയധികം പറയാനുണ്ടാകും. ഇപ്പോഴത്തേക്ക്, സഭ ഒരു സംഘാത പങ്കാളിത്തമാണെന്ന് നാം ഓർമയിൽ സൂക്ഷിച്ചാൽ മതിയാകും.

## B. ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ പിതാവിന്റെ നാമത്തെ തന്റെ സഹോദരന്മാരോട് പ്രഖ്യാപിക്കുന്നു

സഭയിൽ, ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ പിതാവിന്റെ നാമത്തെ തന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കുന്നു. പിതാവ് ജീവന്റെയും സ്വഭാവത്തിന്റെയും ഉറവിടമായതുകൊണ്ട്, പിതാവിന്റെ നാമത്തെ പ്രഖ്യാപിക്കുക എന്നത് അനേകം സഹോദരന്മാർക്ക് ജീവന്റെയും സ്വഭാവത്തിന്റെയും ഉറവിടത്തെ കാണിക്കുക എന്നാണ്. പുരാതന കാലത്തെ യെഹൂദന്മാർക്ക് ദൈവത്തെ അറിയാമായിരുന്നെങ്കിലും അവർ പിതാവിനെ അറിഞ്ഞിരുന്നില്ല. അവർ ദൈവത്തെ ജനിപ്പിക്കുന്ന പിതാവായിട്ടല്ല, സ്രഷ്ടാവായത്രേ അറിഞ്ഞിരുന്നത്. അവർ ദൈവത്തിന്റെ സൃഷ്ടിക്കുന്ന ശക്തിയെ അറിഞ്ഞിരുന്നുവെങ്കിലും, പിതാവിന്റെ ജനിപ്പിക്കുന്ന പ്രാപ്തിയെ അറിഞ്ഞിരുന്നില്ല. അവർക്ക് ദൈവത്തിന്റെ ശക്തി അറിയാമായിരുന്നു, എന്നാൽ പിതാവിന്റെ ജീവനെ മനസ്സിലാക്കിയില്ല. പുനരുത്ഥാനത്തിനുമുമ്പ്, യേശുവിന്റെ ശിഷ്യന്മാർപോലും പിതാവിന്റെ ജീവനെയും ജനിപ്പിക്കുന്ന കഴിവിനെയും അറിഞ്ഞിരുന്നില്ല. പുനരുത്ഥാന ദിവസത്തിനുമുമ്പ്, യെഹൂദജനം അറിഞ്ഞിരുന്നതുപോലെ മാത്രമേ അവരും അറിഞ്ഞിരുന്നുള്ളൂ. എങ്കിലും, പുനരുത്ഥാനദിവസത്തിൽ, പിതാവിനെ ജീവന്റെ ഉറവിടമായി അവരെ അറിയിക്കുന്നതിനായി പിതാവിനെ പ്രഖ്യാപിക്കുവാൻ കർത്താവ് അവരുടെ അടുത്തു വന്നു.

വേദപുസ്തകം ഇതു വളരെ ഹ്രസ്വമായി മാത്രമേ പറയുന്നുള്ളൂവെങ്കിലും, ഈ ഹ്രസ്വമായ പരാമർശം നമുക്ക് വളരെയധികം കാണുവാൻ കഴിയുന്ന ചെറിയ ഒരു ജാലകം പോലെയാണ്. യോഹന്നാൻ 20 അനുസരിച്ച്, യേശു തന്റെ പുനരുത്ഥാനദിവസം വൈകുന്നേരം ശിഷ്യന്മാരെ സന്ദർശിച്ചു. എന്നാൽ പിതാവിനെ ശിഷ്യന്മാരോടു പ്രഖ്യാപിച്ചുവെന്ന് യോഹന്നാൻ പറയുന്നില്ല. അത് സങ്കീർത്തനം 22:22-ൽ പ്രവചനാത്മകമായി പരാമർശിച്ചിരിക്കുന്നു. ആ പ്രവചനമനുസരിച്ച്, തന്റെ പുനരുത്ഥാനത്തിനുശേഷം പിതാവിനെ ശിഷ്യന്മാരോട് അറിയിക്കുന്നതിനാണ് ക്രിസ്തു മുഖ്യമായും അവരുടെ അടുക്കൽ വന്നത്. പിതാവിന്റെ ജീവനും സ്വഭാവവും അവരുടേതായിത്തീർന്നു. പിതാവിന്റെ ആളത്തത്തെ

അവരുടെ ആളത്തത്തിലേക്കു സ്ഥാനമാറ്റംചെയ്തു. പിതാവിന്റെ നാമത്തെ ശിഷ്യന്മാരോടു പ്രഖ്യാപിക്കുക എന്നത് അർഥമാക്കുന്നത് ഇതാണ്. കർത്താവ് ഇതു ചെയ്യുമ്പോൾ നാം അവിടെ ഉണ്ടായിരുന്നെങ്കിൽ, ആ പ്രഖ്യാപനം നാമത്തെ പരാമർശിക്കുന്ന ഒരു കാര്യം മാത്രമായിരുന്നില്ലെന്ന് നാം മനസ്സിലാക്കുമായിരുന്നു. പിതാവായിരിക്കുന്ന സകലത്തിന്റെയും — പിതാവിന്റെ ജീവന്റെയും, സ്വഭാവത്തിന്റെയും, ആളത്തത്തിന്റെയും — ശിഷ്യന്മാരിലേക്കുള്ള ഒരു പകർച്ചയായിരുന്നു അത്. ഇതിൽ നിന്നായിരുന്നു താൻ ദിവ്യസ്വഭാവത്തിന്റെ പങ്കാളിയായിരുന്നുവെന്ന് പത്രൊസ് മനസ്സിലാക്കുവാൻ ഇടവന്നത്. ഇതു തന്റെ രണ്ടാമത്തെ ലേഖനത്തിൽ അവൻ പരാമർശിക്കുന്നു (1:4). ദൈവത്തിന്റെ പുത്രന്മാരായ നാമെല്ലാവരും ദിവ്യസ്വഭാവത്തിനു പങ്കാളികളായിത്തീർന്നിരിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം, ദൈവം ഇനി സൃഷ്ടിക്കുന്ന ദൈവം മാത്രമല്ല, ജനിപ്പിക്കുന്ന പിതാവുംകൂടിയാണ്. അവൻ നമ്മെ ജനിപ്പിച്ചിരിക്കുന്നു. അവൻ തന്റെ ജീവനെയും, തന്റെ സ്വഭാവത്തെയും, തന്റെ ആളത്തത്തെയുംപോലും നമ്മുടെ ആളത്തത്തിലേക്ക് പകർന്നിരിക്കുന്നു. പിതാവിന്റെ നാമത്തെ ശിഷ്യന്മാരോടു പ്രഖ്യാപിക്കുക എന്നത് അർഥമാക്കുന്നത് ഇതാണ്.

## C. ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ സഭാമധ്യേ പിതാവിന് സ്തുതിഗീതങ്ങൾ പാടുന്നു

പിതാവിന്റെ നാമത്തെ പ്രഖ്യാപിച്ചതിനുശേഷം, പുത്രൻ സഭാമധ്യേ പിതാവിന് സ്തുതിഗീതങ്ങൾ പാടുന്നു. ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ സഭയിൽ പിതാവിന് സ്തുതിഗീതങ്ങൾ ഒരിക്കൽ മാത്രം പാടിയെന്നാണ് ഈ പ്രവചനം അർഥമാക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മറിച്ച്, നൂറ്റാണ്ടുകളിലുടനീളം ആദ്യജാതനായ പുത്രൻ സഭയിൽ നിരന്തരമായി പിതാവിന് സ്തുതിഗീതങ്ങൾ പാടുന്നു എന്നാണ് അർഥമാക്കുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. അവൻ ഇത് എങ്ങനെയാണു ചെയ്യുന്നത്? അവൻ അത് തന്റെ എല്ലാ സഹോദരന്മാരിലും ചെയ്യുന്നു. ഇപ്പോൾത്തന്നെ അവൻ നമ്മുടെ ഉള്ളിലുണ്ടെന്ന പൂർണ നിശ്ചയം എനിക്കുണ്ട്. അവൻ നമ്മിലുള്ളതിനാൽ, നമ്മുടെ ആലാപനത്തിൽ അവൻ പിതാവിന് സ്തുതികൾ പാടുന്നു. അവന്റെ ആലാപനം നമ്മുടെ ആലാപനത്തിലാണ്. നാം പാടുമ്പോൾ, അവൻ നമ്മുടെ ആലാപനത്തിനുള്ളിലായതുകൊണ്ട് അവൻ പാടുന്നു. നമ്മുടെ ആത്മാവിൽനിന്നും നാം പിതാവിനു സ്തുതിഗീതങ്ങൾ പാടുമ്പോൾ, അവൻ നമ്മുടെ ആത്മാവിൽ നമ്മോടുകൂടെ പാടുന്നു. ഇത് അത്ഭുതകരമാണ്. ഇന്ന് ഭൂമിയിലുള്ള സഭ ദൈവത്തിന്റെ ആദ്യജാതനായ പുത്രനോടുകൂടെയുള്ള ഒരു സംഘാത ശരീരമാണ്. സഭാ യോഗങ്ങളിൽ, ദൈവത്തിന്റെ ആദ്യജാതനായ

പുത്രൻ പിതാവിന് സ്തുതിപാടുന്നു. നാം യോഗങ്ങളിൽ വരുമ്പോഴെല്ലാം പിതാവിനെ സ്തുതിക്കുവാൻ നമ്മുടെ വായ് നാം തുറക്കണം. നാം ഇതു പെട്ടെന്നു ചെയ്യുന്നുവെങ്കിൽ, ഉൾവസിക്കുന്ന ദൈവത്തിന്റെ ആദ്യജാതനായ പുത്രനുമായി നാം സഹകരിക്കുകയാണ്. ആദ്യജാതനായ പുത്രനെ കൂടുതൽ നേടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? ആഗ്രഹിക്കുന്നു വെങ്കിൽ, നിങ്ങൾ പിതാവിനെ സ്തുതിക്കേണ്ടത് ആവശ്യമാണ്. നാം എത്രയധികം പിതാവിനെ സ്തുതിക്കുന്നുവോ അത്രയുമധികം നാം ആദ്യജാതനായ പുത്രനെ നേടുന്നു. നാം എത്രയധികം പാടുന്നുവോ അത്രയുമധികം അവൻ നമ്മുടെ ആലാപനത്തിൽ പാടുന്നു. ക്രിസ്തു നമ്മോടുചേർന്നു പ്രവർത്തിക്കുവാനുള്ള ഏറ്റവും നല്ല മാർഗം പിതാവിന് സ്തുതിഗീതങ്ങൾ പാടുന്നതാണ്. നമ്മുടെ അനുഭവങ്ങള നുസരിച്ച്, ഇത് അങ്ങനെയാണെന്ന് നമ്മിൽ പലർക്കും സാക്ഷ്യ പ്പെടുത്തുവാൻ കഴിയും. ചില സഭായോഗങ്ങളിൽ നാം പിതാവിന് വളരെയധികം പാടിയിട്ടുണ്ട്. ആ സമയമായിരുന്നു നാം ക്രിസ്തുവിനെ വളരെയധികം ആസ്വദിച്ചത്. അവൻ നമ്മുടെ ആലാപനത്തിൽ പാടുകയായിരുന്നുവെന്ന അനുഭൂതിപോലും നമുക്കുണ്ടായിരുന്നു.

പിതാവ് ജീവന്റെ ഉറവിടമാണെന്ന് ക്രിസ്തു നമുക്ക് അറിയിച്ചുതന്നു. ഇപ്പോൾ എല്ലാ സഭായോഗങ്ങളിലും പിതാവിന് സ്തുതികൾ ആലപിക്കുന്നതിൽ നമ്മോടുകൂടെ സഹകരിക്കാനുള്ള അവസരത്തിനായി അവൻ കാത്തിരിക്കുകയാണ്. ഈ സഹകരണം അവനു നൽകാനുള്ള ഏറ്റവും നല്ല മാർഗം നമ്മുടെ ആത്മാവിനെ തുറക്കുകയും പിതാവിന് സ്തുതി പാടുകയും ചെയ്യുക എന്നതാണ്. നാം എത്രയധികം പാടുന്നുവോ അത്രയുമധികം നാം അവന്റെ ആലാപനത്തെ ആസ്വദിക്കും. നാം പിതാവിനെ സ്തുതിക്കുമ്പോൾ നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. സഭായോഗങ്ങളിൽ പിതാവിനെ സ്തുതിക്കുന്നതിൽ നാം ക്രിസ്തുവിനോട് ഒന്നാണ്. സഭായോഗങ്ങളിൽ നാം എത്രയധികം പിതാവിനെ സ്തുതിക്കുന്നുവോ, അത്രയുമധികം അവൻ നമ്മുടെ സ്തുതിയിൽ പിതാവിനെ സ്തുതിക്കുകയും, അത്രയുമധികം നാം അവനെ ആസ്വദിക്കുകയും അവനെ നേടുകയും ചെയ്യുന്നു.

പുനരുത്ഥാനത്തിൽ ക്രിസ്തുവിന്റെ അനേകം സഹോദരന്മാരായ ദൈവത്തിന്റെ അനേകം പുത്രന്മാർ ചേരുന്നതാണ് സഭ. അത് പിതാവിന്റെ ജീവനിലും, സ്വഭാവത്തിലും, ആളത്തത്തിലും പങ്കെടുക്കേണ്ടതിന് ദൈവത്തിന്റെ ആദ്യജാതനായ പുത്രനായ ക്രിസ്തുവുമായുള്ള ഒരു സംഘാത പങ്കാളിത്തമാണ്. സഭയിൽ, തന്റെ അനേകം പുത്രന്മാരിൽ ആദ്യജാതനായ പുത്രൻ പിതാവിനെ സ്തുതിക്കുന്നു. ഇതാണ് സഭ. ഇപ്പോൾ നാം അനേകം പുത്രന്മാരെയും, അനേകം സഹോദരന്മാരെയും, സഭയെയും സംബന്ധിച്ചുള്ള ചിലതു കണ്ടു.